**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 830** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ശുദ്ധജല വിതരണം മെച്ചപ്പെടുത്താൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. സുധീർഷാ പാലോട്

ശ്രീ. എം. ആർ. ബൈജു

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** ഗുണനിലവാരമുള്ള കുടിവെള്ളം സാർവ്വത്രികമായി ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ജൽ ജീവൻ മിഷൻ, അമൃത് പദ്ധതികൾ മുഖാന്തിരം നഗരങ്ങളിലും ഗ്രാമങ്ങളിലും, ജലത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി ആവശ്യമായ ശുദ്ധീകരണ ശാലകളുടെ പ്രവർത്തികൾ പുരോഗമിച്ച് വരുന്നു. എല്ലാ ജലശുദ്ധീകരണ ശാലകളിലും കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ആവശ്യമായ ജലപരിശോധന ലാബ് സംവിധാനങ്ങൾ ഉൾപെടുത്തിയിട്ടുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഒരു സ്റ്റേറ്റ് ലാബും, 14 ജില്ലാ ലാബുകളും, 71 ഉപജില്ലാ ലാബുകളും പ്രവർത്തിച്ചുവരുന്നു. വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ ആക്ഷൻ പ്ലാൻ അനുസരിച്ച് എല്ലാ മാസവും അതാത് ജില്ലകളിലെ വാട്ടർ അതോറിറ്റി സ്കീമുകൾ വഴി നൽകുന്ന ജലത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാരം ടി ലാബുകളിൽ പരിശോധിച്ച് വരുന്നു.

കൂടാതെ പരിശോധിച്ച ജലത്തിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തിയാൽ പരിഹാര നടപടികൾ സ്വീകരിക്കുന്നതിലേക്കായി ബന്ധപ്പെട്ട കുടിവെള്ള വിതരണ വിഭാഗത്തെ അറിയിക്കുന്നു. പരിഹാര നടപടികൾക്കു ശേഷം ക്വാളിറ്റി കൺട്രോൾ വിഭാഗം പുനഃ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

**(ബി)** ശുദ്ധജലവിതരണം ഫലപ്രദമായി നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പദ്ധതികൾ ആവിഷ്കരിക്കുമോ?

**<u>മറുപടി:</u>** ജൽ ജീവൻ മിഷൻ പദ്ധതി, അമൃത്പദ്ധതികൾ എന്നിവ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടത്തിവരുന്നത്.

**സെക്ഷൻ ഓഫീസർ**